ctabudarr@gmail.com

 അബൂദർറ് എടയൂർ

# പകയുടെ തീനാളങ്ങൾ

عَنْ ابْن عَبَّاس رضي الله عنه، قَالَ: قَالَ النَّبِيُّ ﷺ عَلَى الْمِنْبَرِ: ألا أُنَبِّئُكُم بِشِرَارِكُمْ؟ قَالُوا: بَلَى، إنْ شِئْتَ يَارَسُولَ اللَّه، قَالَ: فَإِنَّ شِرَارَكُمُ الَّذِي يَنْزِلُ وَحْدَهُ، وَيَجْلِدُ عَبْدَهُ، وَيَمْنَعُ رِفْدَهُ، قَالَ: أَفَلا أُنَبِّئُكُمْ بِشَرٍّ مِنْ ذَلِكُمْ؟ قَالُوا: بَلَى إنْ شِئْتَ يَا رَسُولَ اللَّه، قَالَ: مَنْ يُبْغِضُ النَّاسَ وَيُبْغِضُونَهُ

ഇബ്നു അബ്ബാസി(റ)ൽ നിന്ന്. അല്ലാഹുവിന്റെ ദൂതർ ഒരിക്കൽ മിമ്പറിൽ വെച്ച് ചോദിച്ചു: "ദുഷ്ടൻ ആരാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരേണ്ടതില്ലെയോ?" ജനങ്ങൾ പറഞ്ഞു: "അങ്ങേക്കിഷ്ടമാണെങ്കിൽ അങ്ങനെ ചെയ്താലും." അപ്പോൾ തിരുമേനി അരുളി: "ആളുകളിൽനിന്ന് അകന്നുകഴിയുകയും തന്റെ അടിമയോട് കർക്കശനാവുകയും ആർക്കും ഒന്നും കൊടുക്കാതിരിക്കുകയും ചെയ്യുന്നവനാണ് ദുഷ്ടൻ. അവനേക്കാൾ മോശക്കാരൻ ആരെന്ന് കേൾക്കണോ?" ആളുകൾ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ഉദ്ദേശിക്കുന്നുവെങ്കിൽ പറഞ്ഞുതന്നാലും." തിരുദൂതർ അരുളി: "ആർ ജനങ്ങളോട് പക വെച്ചുപുലർത്തുകയും അതിന്റെ പേരിൽ ജനങ്ങൾ അമർഷം രേഖപ്പെടുത്തുകയും ചെയ്യുന്നുവോ അയാൾ" (ത്വബ്റാനി).

ഏതെങ്കിലും സന്ദർഭത്തിൽ ഒരാളോടുണ്ടാകുന്ന നീരസമോ ദേഷ്യമോ മനസിനകത്ത് ദീർഘനാൾ സൂക്ഷിച്ചുവെച്ചാൽ അത് നീറിപ്പുകഞ്ഞ് പകയായി രൂപാന്തരപ്പെടും. പകയുടെ അനന്തരഫലമായി നിരവധി ദുസ്സ്വഭാവങ്ങളും അയാളിൽ ചേക്കേറും. അസൂയ, പരിഹാസം, പരദൂഷണം, മാനസികമോ ശാരീരികമോ ആയ പീഡനം, കുടുംബ ബന്ധം വിഛേദിക്കൽ, നിർദയം പെരുമാറൽ തുടങ്ങിയവ അതിൽ പെട്ടതാണ്. ഇവയൊന്നും ഒരു യഥാർഥ മുസ്‌ലിമിന് ചേർന്നതല്ല. പ്രവാചകൻ പറഞ്ഞു: "സത്യവിശ്വാസി പക വെച്ചിരിക്കുന്നവനല്ല."

ഒരിക്കൽ പ്രവാചകൻ തന്റെ സഹചരോട് പറഞ്ഞു: സ്വർഗാവകാശിയായ ഒരാൾ ഇപ്പോൾ ഇങ്ങോട്ട് വരും. താമസിയാതെ അൻസ്വാരികളിൽപെട്ട ഒരാൾ കടന്നുവന്നു. അടുത്ത ദിവസവും നബി(സ) സ്വർഗാവകാശിയായ ഒരാളുടെ ആഗമനത്തെ കുറിച്ച് പറയുകയും ഇതേ മനുഷ്യൻ കടന്നുവരികയും ചെയ്തു. മൂന്നാം ദിവസവും ഇതാവർത്തിച്ചു. അങ്ങനെ അബ്ദുല്ലാഹിബ്നു അംറ് (റ) തന്ത്രപൂർവം അദ്ദേഹത്തിന്റെ വീട്ടിൽ അതിഥിയായി താമസിക്കുകയും സവിശേഷമായി അദ്ദേഹത്തിൽ ഒന്നുമില്ല എന്ന് മനസിലാക്കുകയും ചെയ്തു. അന്നേരം ഇബ്നു അംറ് പ്രവാചകന്റെ പരാമർശം ശ്രദ്ധയിൽ പെടുത്തിയപ്പോൾ ആ അൻസ്വാരി പറഞ്ഞു: "ഏതെങ്കിലും മുസ്‌ലിമിനെതിരെ പകവെച്ച് പുലർത്തിക്കൊണ്ട് രാത്രി കഴിച്ചുകൂട്ടുന്നവനല്ല ഞാൻ. അല്ലാഹു ആർക്കെങ്കിലും ഒരു നന്മ വരുത്തിയാൽ അതേചൊല്ലി ഞാൻ അസൂയപ്പെടാറുമില്ല" (അഹ്മദ്, ബസ്സാർ).

അബ്ദുല്ലാഹിബ്നു അംറ്(റ) പറയുന്നു: മഹത്വമുള്ളവർ ആരാണെന്ന ചോദ്യത്തിന് മറുപടിയായി പ്രവാചകൻ(സ) പറഞ്ഞു: "നേര് ഉച്ചരിക്കുന്ന നാവും വൃത്തിയും വെടിപ്പുമുള്ള ഹൃദയവും ഉള്ളവർ." ഇതുകേട്ടപ്പോൾ ചിലർ ചോദിച്ചു: "നേരുച്ചരിക്കുന്ന നാവ് ഞങ്ങൾക്കറിയാം. എന്നാൽ വൃത്തിയും വെടിപ്പുമുള്ള ഹൃദയം എന്നതിന്റെ ഉദ്ദേശ്യമെന്താണ്?" നബി (സ) പറഞ്ഞു: "അല്ലാഹുവിനെ ഭയപ്പെടുന്ന ഹൃദയം. അതിൽ ഒരു തിന്മയും പ്രവേശിക്കുകയില്ല. അത് പാപമുക്തമാണ്. ധിക്കാരമോ അസൂയയോ പകയോ അതിനെ സ്പർശിക്കുകയില്ല" (ഇബ്നുമാജ).

പരസ്പര സ്നേഹവും സാഹോദര്യവും സൗഹാർദവും സഹകരണ മനോഭാവവും കാത്തുസൂക്ഷിക്കാൻ ബാധ്യസ്ഥരായ മുസ്‌ലിംകൾ, ഇതര മുസ്‌ലിം സഹോദരങ്ങളോട് യാതൊരു തരത്തിലുള്ള വിദ്വേഷവും തങ്ങളുടെ ഹൃദയത്തിൽ അവശേഷിക്കാൻ ഇടവരുത്തരുതേ എന്ന് പ്രാർഥിക്കുന്നവരായിരിക്കുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു (*അൽഹശ്ർ* 10). തന്റെ മകളും പ്രവാചക പത്നിയുമായ ആഇശ(റ)യെ കുറിച്ച അപവാദ പ്രചാരണത്തിൽ പങ്കാളിത്തം വഹിച്ചതിന്റെ പേരിൽ തന്റെ ബന്ധുവായ മിസ്ത്വഹിന് നൽകിയിരുന്ന ധനസഹായം അബൂബക്ർ (റ) പിൻവലിച്ചപ്പോൾ ഖുർആൻ അതിനെ വിമർശിച്ചത് ശ്രദ്ധേയമാണ്.

സാമ്പത്തികരംഗത്തെ കിടമൽസരം, ഏതെങ്കിൽ സന്ദർഭത്തിൽ സംഭവിച്ച പിഴവുകൾ പൊറുക്കാൻ തയാറാവാതിരിക്കൽ, സംഘടനാ പക്ഷപാതിത്വം, ആശയപരമായ ഭിന്നത, അതിർത്തി തർക്കം, കുടുംബബന്ധത്തിലെ വിള്ളലുകൾ, നീതിനിഷേധം, അവകാശധ്വംസനം തുടങ്ങി പലവിധ കാരണങ്ങളാൽ പലരോടും പകയുണ്ടാവാറുണ്ട്. എന്നാൽ ഇത് വലിയ ദുരന്തത്തിലാണ് കലാശിക്കുക എന്ന് പലരും തിരിച്ചറിയാറില്ല. പക ആളിപ്പടർന്നാൽ ഉണ്ടാകുന്ന വിനാശങ്ങൾ ആർക്കും അജ്ഞാതമല്ലല്ലോ. പരസ്പരം കാണാനോ സംസാരിക്കാനോ ബന്ധങ്ങൾ ഊഷ്മളമാക്കാനോ സമ്മതിക്കാത്ത പക, ഒരാൾ മരണപ്പെട്ടാൽ പോലും അതറിയാത്ത ഭാവം നടിക്കാൻ ആളുകളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. എത്രയെത്ര ആളുകളെയാണ് പക കൊലയാളികളും അക്രമികളുമാക്കിയിട്ടുള്ളത്! എത്രയെത്ര ആളുകളുടെ ജീവിതമാണ് പകയിൽ ചാരമായിത്തീർന്നിട്ടുള്ളത്! എത്രയെത്ര ആളുകളാണ് പകയുടെ ദുരന്തഫലമായി കണ്ണീർ കുടിച്ചുകൊണ്ടിരിക്കുന്നത്!! ഈ ആളിപ്പടരുന്ന തീനാളവുമായി മുന്നോട്ട് പോയാൽ അത് നമ്മുടെ സ്വർഗപ്രവേശത്തിന് തടസ്സമാവുമെന്ന പ്രവാചകന്റെ മുന്നറിയിപ്പ് അവഗണിക്കാൻ നമുക്കാവുമോ? ■